## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** | **19-01-2021 - ൽ മറുപടിയ്ക്ക്**

## യൂണിവേഴ്സിറ്റികളിലെ താൽക്കാലിക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ 2021 ജനുവരി ഒന്നിനുശേഷം താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശംങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ കരാർ/ ദിവസക്കൂലി അടിസ്ഥാന ത്തിലോ അല്ലെങ്കിൽ രണ്ടും ഉൾപ്പെടെയോ 30.12.2020 ന് 10 വർഷം പൂർത്തിയാക്കിയവരും പ്രസ്തുത തസ്തികകളിൽ ഇപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുമായ 6 ഡ്രൈവർ-മാരെയും, ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 7 പേരെയും, ഒരാളെ പ്രോഗ്രാമർ തസ്തികയിലും, ഒരാളെ അസ്സിസ്റ്റന്റ് പ്രോഗ്രാമർ തസ്തികയിലും, ഒരാളെ റൂം ബോയ് കം ബെയറർ തസ്തികയിലും 01/01/2021ലെ 93/2021/ അഡ്മിൻ നമ്പർ സർവ്വകലാശാല ഉത്തരവിനും, സർക്കാരിൽ നിന്നുള്ള അനുമതിക്കും വിധേയമായി അനുവദി ക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകളി ലേക്ക് absorb ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ absorb ചെയ്യപ്പെടുന്ന ജീവനക്കാരുടെ റെഗുലർ സർവീസ് അവർ സ്ഥിരപ്പെടുത്തുന്ന തിയതി മുതൽ മാത്രമായിരിക്കും എന്നും അവരുടെ കരാർ / ദിവസവേതന കാലയളവ് മറ്റ് സർവീസ് ആനുകൂല്യ ങ്ങൾക്ക് പരിഗണിക്കുന്നതല്ല എന്നും, ഇത്തരത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാര്യം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ട താണ് എന്നും മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ നിലവിൽ മേൽ വിഷയം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത നിയമനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും സ്ഥിരപ്പെടുത്തിയവരെ താത്കാലിക നിയമനത്തിൽ തുടരാനും കോടതി ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച സുപ്രീംകോടതി വിധിന്യായം മറികടക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ? | (ബി) | സുപ്രീംകോടതിയുടെ വിധിന്യായം മറികടന്നിട്ടില്ല എന്നും ഇതു സംബന്ധിച്ച കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയി ലാണെന്നും യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ